## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.509** **08.08.2017-ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറിയും ജി. എസ്. റ്റി. യും**

| | ചോദ്യം<br><br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ജി.എസ്.റ്റി. നടപ്പിലാക്കിയത് മൂലം സംസ്ഥാന ലോട്ടറിയുടെ ലാഭത്തിൽ കുറവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. 01/07/2017 മുതൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിനാൽ വകുപ്പ് 12% നികുതിയാണ് ഈ ഇനത്തിൽ ഒടുക്കേണ്ടത്. (6% സി.ജി.എസ്.റ്റി, 6% എസ്.ജി.എസ്.റ്റി,) കൂടാതെ 15.07.2017 മുതൽ മുഖവിലയിൽ കുറവ് വരുത്തി ജി.എസ്.റ്റി കൂടി ഉൾപ്പെടുത്തി പരമാവധി വിൽപന വില ക്രമീകരിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ലാഭത്തിൽ കുറവ് വരാനിടയുണ്ട്. എന്നാൽ ചരക്ക് സേവന നികുതി ഒടുക്കി, ആയതിന്റെ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നതേയുള്ളൂ. ഇത് പൂർത്തീകരിച്ചതിനുശേഷമേ നഷ്ടം സംബന്ധിച്ച കണക്കുകൾ വ്യക്തമാവുകയുള്ളൂ. |
| (ബി) | ലാഭത്തിൽ കുറവുണ്ടാകുന്ന കാരണത്താൽ ലോട്ടറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമുള്ള വിൽപ്പന കമ്മീഷനിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് വരുത്തിയത്;വിശദാംശം നൽകുമോ; | (ബി) | ജി.എസ്.ടി. നിലവിൽ വരുന്നതിന് മുമ്പ് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയും , 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10,000 വരെ 27%, 10000 ന് മുകളിൽ 28%, എന്നിങ്ങനെ 3 സ്ലാബുകളിലായി ഡിസ്കൗണ്ടും അനുവദിച്ചിരുന്നു. ജി.എസ്.ടി. നിലവിൽ വന്ന ശേഷം പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8/- രൂപയാക്കി നിജപ്പെടുത്തി അതിന്റെ 12% നികുതി കൂടി (3.20/- രൂപ) ഉൾപ്പെടുത്തി പരമാവധി 30/- രൂപയാക്കി നിലനിർത്തുകയും ഡിസ്കൗണ്ട് നിരക്കുകൾ 2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10000 വരെ 24.5%, 10,000 ന് മുകളിൽ 25.25% എന്നിങ്ങനെ മാറ്റം വരുത്തുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.റ്റി. യിലൂടെ ലോട്ടറിക്ക് ഏർപ്പെടുത്തിയ 12 ശതമാനം നികുതിയുടെ പകുതി സംസ്ഥാന സർക്കാരിന് തിരികെ ലഭിക്കുമെന്നിരിക്കെ വില്പന കമ്മീഷനിൽ വരുത്തിയ കുറവ് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.